**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4275** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചിയിൽ നടന്ന ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിൽ ഏതെല്ലാം മേഖലകളിലാണ് നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് ഭാഗമായി വിവിധ മേഖലകളിൽ നിന്നായി 419ൽ പരം താല്പര്യ പത്രങ്ങളിലൂടെ 1,65,928 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. ഈ നിക്ഷേപതാൽപര്യങ്ങളെ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ലഭ്യമായ എല്ലാ താൽപര്യപത്രങ്ങളും<br>വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. |
| (ബി) | മുൻകാലങ്ങളിലെ നിക്ഷേപ വാഗ്ദാനങ്ങൾ പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്നു പരിശോധിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനായി 2001 വർഷം മുതൽ ഇതുവരെയായി പ്രധാനമായും 4 സംഗമങ്ങളാണ് നടത്തിയിട്ടുള്ളത്. ഈ സംഗമങ്ങളെ പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 2002-2003 ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്:<br><br>ആഗോള നിക്ഷേപക സംഗമത്തിന്റെ ഭാഗമായി ഏകദേശം 11,000 കോടി രൂപ മുതൽമുടക്ക് വരുന്ന 96 പദ്ധതികൾക്ക് വിവിധ വകുപ്പുകൾ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി.<br><br>2. 2011-2012 എമേർജിങ് കേരള:<br><br>എമേർജിങ് കേരള 2012 സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിൽ 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികളാണ് ഉണ്ടായിരുന്നത്. ബാക്കിയുള്ളവ മേൽനോട്ടത്തിനായി അതാത് വകുപ്പുകൾക് കൈമാറിയിട്ടുണ്ടായിരുന്നു. |

| | | | |
|---|---|---|---|
| | | | 3. 2019 - 2020 കാലയളവിൽ നടത്തപ്പെട്ട - അസെൻഡ് 2019<br><br>4. 2020 - 2021 കാലയളവിൽ നടത്തപ്പെട്ട - അസെൻഡ് 2020:<br><br>Ascend 2019 ഒരു നിക്ഷേപക സംഗമമായിരുന്നില്ല, മറിച്ച് സംസ്ഥാന സർക്കാരിന്റെ നൂതന പരിഷ്കാരങ്ങളെകുറിച്ചും നിക്ഷേപക സാധ്യതകളെ പറ്റിയും നിക്ഷേപകരെയും, ഉദ്യോഗസ്ഥരെയും പരിചയപ്പെടുത്താനുള്ള ഒരു ഈവന്റ് മാത്രമായിരുന്നു. എന്നാൽ Ascend 2020 ഒരു നിക്ഷേപ സംഗമമായിരുന്നു. പ്രസ്തുത സംഗമത്തിൽ സംസ്ഥാന സർക്കാരുമായി ധാരണ പത്രം/താത്പര്യപത്രം ഒപ്പ് വെച്ച 151 പദ്ധതികളിൽ വഴി 1,00,355.43 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചത്, അവയിൽ 47 (2,259.26 കോടി) പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 33 (8010.22 കോടി) പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.<br><br>ഈ നിക്ഷേപക സംഗമങ്ങൾ സംസ്ഥാനത്തിന് ഒട്ടേറെ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുവാനും, നിക്ഷേപകർക്ക് പുതിയ അവസരങ്ങളെ പറ്റി മനസ്സിലാക്കുവാനും, വ്യാവസായിക ബന്ധങ്ങൾ കെട്ടിപ്പടുക്കുവാനും, ഒട്ടനവധിപേർക്ക് തൊഴിൽ നേടുവാനും, ഇതിലൂടെ സുസ്ഥിര വികസനം സാധ്യമാകുവാനും നിക്ഷേപ സംഗമങ്ങൾ വഴി സാധിച്ചു. ഇത്തരത്തിലുള്ള നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിച്ചതിലൂടെ, സംസ്ഥാനത്ത് നിക്ഷേപത്തിനും സാമ്പത്തിക അഭിവൃദ്ധിയ്ക്കും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. |
| (സി) | നിലവിലെ നിക്ഷേപ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അവയിൽ ഏതെല്ലാം വാഗ്ദാനങ്ങൾ ഉടൻ പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; | (സി) | ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി 1,65,928 കോടി രൂപയുടെ നിക്ഷേപതാൽപര്യങ്ങൾ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. ഈ നിക്ഷേപതാൽപര്യങ്ങളെ നിക്ഷേപങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിപുലമായ ഒരു റോഡ് മാപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ലഭ്യമായ എല്ലാ താൽപര്യപത്രങ്ങളും വിലയിരുത്തിക്കൊണ്ടിരി ക്കുകയാണ്. ഉടൻ ആരംഭിക്കാൻ സാധിക്കുന്നത്, നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കാൻ സാധിക്കുന്നത് എന്നിങ്ങനെ താൽപര്യപത്രങ്ങളെ തരം തിരിക്കും. വ്യവസായവുമായി ബന്ധപ്പെട്ട് ലഭ്യമായ |

| | | | |
|---|---|---|---|
| | | | പ്രോജക്റ്റുകളിൽ 50 കോടിക്ക് താഴെയുള്ള സംരംഭങ്ങളിൽ ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രീസിന്റെ നേതൃത്വത്തിൽ ടീമിനെ രൂപീകരിച്ച് സൂക്ഷ്മ പരിശോധന നടത്തും. 50 കോടിക്ക് മുകളിലുള്ളവയുടെ നോഡൽ ഓഫീസറായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രവർത്തിക്കും. ഇവയെ ഏഴ് മേഖലകളാക്കി തിരിക്കും. ഏഴ് മേഖലകളിൽ മാനേജർമാർക്ക് കീഴിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 7 ഗ്രൂപ്പുകൾ രൂപീകരിക്കും. ഏഴ് ഗ്രൂപ്പിനും ഉപയോഗിക്കാൻ കഴിയാവുന്ന വിധത്തിൽ മേഖല തിരിച്ച് 12 വിദഗ്ധരെയും നിയമിക്കും. ഇതിനായുള്ള പ്രത്യേക ഡാഷ്ബോർഡിലൂടെ സാധ്യമായ എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്കും ലഭ്യമാക്കും.<br><br>ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ലഭ്യമായിട്ടുള്ള പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട അനുമതികൾ വേഗത്തിൽ ലഭ്യമാക്കാൻ ചീഫ് സെക്രട്ടറി തലത്തിൽ സെക്രട്ടറി തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയിരിക്കും വേഗത്തിൽ ഏകോപനം നടത്തുന്നത്.<br><br>സമ്മിറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട്. സമ്മിറ്റിന്റെ നിർദ്ദേശം കണക്കിലെടുത്ത് വ്യവസായിക ആവശ്യങ്ങൾക്ക് നൽകാൻ കഴിയുന്ന ഭൂമി ആരുടെയെങ്കിലും കൈവശമുണ്ടെങ്കിൽ അത്തരം ഭൂമിയുടെ വിവരങ്ങൾ കൂടി ആപ്പിൽ ലഭ്യമാകും. ഭൂമി ആവശ്യമായ വ്യവസായികൾ ആപ്പ് വഴി നേരിട്ട് ബന്ധപ്പെടാവുന്നതാണ്. കിൻഫ്ര, കെ.എസ്.ഐ.ഡി.സി, സർക്കാർ എസ്റ്റേറ്റുകൾ, സർക്കാർ അംഗീകൃത സ്വകാര്യ ഇൻഡസ്ട്രിയൽ പാർക്കുകൾ എന്നിവയുടെ വിവരങ്ങൾ കൂടി ആപ്പിൽ ലഭ്യമാക്കും. ഒപ്പം പ്രൈവറ്റ് ഇന്റസ്ട്രിയൽ പാർക്കുകളുടെയും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളുടെയും ഭൂമി ലഭ്യതയും ഈ ആപ്പിൽ ലഭ്യമാക്കും. നിയമപരമായി നടത്താൻ സാധിക്കുന്ന എല്ലാ താൽപര്യപത്രങ്ങളും എത്രയും പെട്ടെന്ന് തന്നെ പ്രായോഗികമാക്കാൻ ആണ് സർക്കാർ ശ്രമിക്കുന്നത്. പ്രായോഗികമായി പരിഹരിക്കുവാൻ കഴിയുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ രണ്ടാഴ്ച കൂടുമ്പോഴും ബഹു. വ്യവസായ മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാമാസവും പദ്ധതി പുരോഗതി വിലയിരുത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന് എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | മേൽ (സി) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ